പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 752 10/02/2016 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ആശുപത്രി

| ചോദ്യം<br>**ശ്രീ.ബി.ഡി. ദേവസ്സി** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ-ബേസ് യൂണിറ്റ് അനുവദിച്ച നാളുകൾ ഏറെയായിട്ടും പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനും കെട്ടിട സൗകര്യം. അനുവദിക്കുന്നതിനും, ആവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതിനാൽ ഇനിയും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിനും ട്രോമാകെയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുമായി അഞ്ച് (5) കോടി രൂപ അനുവദിച്ചിരുന്നു. സ.ഉ.(കൈ)നം. 365/2010/ആ.കു.വ. തീയതി 18/06/2010 പ്രകാരം ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാകെയർ ആംബുലൻസിന്റെ ബേസ് സ്റ്റേഷനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ ആംബുലൻസിന്റെ ഡ്രൈവർക്കും മെഡിക്കൽ ടെക്നീഷ്യനും വേതനം നൽകുന്നതിന് 4.2487 ലക്ഷം രൂപയും ആംബുലൻസിന്റെ കണ്ടിജൻസി ചെലവുകൾക്ക് 0.2997 ലക്ഷം രൂപയും ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്കുള്ള ടി ചെലവുകൾക്ക് മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്.<br><br>എന്നാൽ 2011-12 ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് 13.45 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് സ.ഉ.(സാധാ)നം. 3961/2011/ആ.കു.വ. തീയതി 15/11/2011 പ്രകാരം ഭരണാനുമതി നൽകുകയും ടി തുക തുടർനടപടികൾക്കായി കെ.എം.എസ്.സി.എൽ.ന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിലെ കാഷ്വാലിറ്റി യൂണിറ്റിലെ ട്രോമാകെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് ടി പ്രവൃത്തി നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| | | | 2013-14 ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 30 ലക്ഷം രൂപ വിനിയോഗിച്ച് ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീനും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് തുക കെ.എം.എസ്.സി.എൽ.ന് കൈമാറുകയും ചെയ്തിട്ടുണ്ട് |
| (ബി) | ട്രോമകെയറിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആംബുലൻസിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ട്രോമാകെയർ ആംബുലൻസിന്റെ ഒരു വർഷത്തെ കണ്ടിജൻസി ചെലവുകൾക്കുള്ള 0.2997 ലക്ഷം രൂപയും ആംബുലൻസിന്റെ ഡ്രൈവറുടെയും മെഡിക്കൽ ടെക്നീഷ്യന്റെയും ഒരു വർഷത്തെ വേതനത്തിനുള്ള 4.2487 ലക്ഷം രൂപയും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്നും കെ.ആർ.എസ്.എ. ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | 2016-17 വർഷത്തെ ബഡ്ജറ്റിൽ ചാലക്കുടി ഗവ.ഹോസ്പിറ്റലിൽ ട്രോമകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിവിധ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവന്നത്. ഇതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിനായി ലഭിച്ച തുകയാണ് വിനിയോഗിച്ചത്. എന്നാൽ 2015-16 ൽ 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ ടി പദ്ധതിക്ക് തുക വകമാറ്റിയിട്ടില്ല. 2016-17 ലും ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി ചാലക്കുടി ആശുപത്രിയിൽ ട്രോമാകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ